**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - കായംകുളം നഗരസഭയിൽ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.ജി.രാജേഷ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. 1126/2021 ന്മേലുള്ള 30.06.2021 തീയതിയിലെ ഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധ) നം. 1805/2021/തസ്വഭവ തീയതി, തിരുവനന്തപുരം, 20.09.2021

---

പരാമർശം :

1. കായംകുളം നഗരസഭയിൽ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.ജി.രാജേഷ് സമർപ്പിച്ച 25.06.2021 തീയതിലെ നിവേദനം.(അനക്ഷർ എ 4)
2. ശ്രീ.ജി.രാജേഷ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. 1126/2021 ന്മേലുള്ള 30.06.2021 തീയതിയിലെ ഉത്തരവ്
3. നഗരകാര്യഡയറക്ടറുടെ 12.08.2021 തീയതിയിലെ ഇ 6-11401/2021 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള മുനിസിപ്പൽ കോമൺസർവ്വീസിൽ കായംകുളം നഗരസഭയിൽ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.ജി.രാജേഷ് സർക്കാരിൽ സമർപ്പിച്ച പരാമർശം 1 അപേക്ഷ (അനക്ഷർ എ 4) പ്രകാരം മാവേലിക്കര നഗരസഭയിലേയ്ക്കുള്ള തന്റെ സ്ഥലംമാറ്റം ഒഴിവാക്കി നിലവിൽ ജോലി ചെയ്യുന്ന കായംകുളം നഗരസഭയിൽ തന്നെ നിലനിർത്തണമെന്ന് അപേക്ഷിച്ചിരുന്നു. ഇതേ ആവശ്യവുമായി ശ്രീ.ജി.രാജേഷ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. 1126/2021 ന്മേലുള്ള 30.06.2021 തീയതിയിലെ പരാമർശം 2 ഉത്തരവ് പ്രകാരം ടിയാൻ സർക്കാരിൽ സമർപ്പിച്ചിട്ടുള്ള അനക്ഷർ എ 4, നിവേദനം പരിശോധിച്ച് 6 ആഴ്ചയ്ക്കുള്ളിൽ ആയതിൽ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

2. ശ്രീ.ജി.രാജേഷ് സർക്കാരിൽ സമർപ്പിച്ച അപേക്ഷ (അനക്ഷർ എ 4) പ്രകാരം ബഹു.നഗരസഭ ഡയറക്ടറുടെ 24.06.2021 ലെ ഇ 6-417/2020 നമ്പർ ഉത്തരവ് പ്രകാരം തന്നെ കായംകുളം നഗരസഭയിൽ നിന്നും മാവേലിക്കര നഗരസഭയിലേയ്ക്ക് സ്ഥലംമാറ്റി നിയമിച്ചിട്ടുള്ളതാണ് എന്നും താൻ കടുത്ത വൃക്ക രോഗസംബന്ധമായ അസുഖത്തിന് എറണാകുളം അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ഹോസ്പിറ്റലിൽ നിലവിൽ ചികിത്സ തുടർന്ന് വരുന്നതായും, വാഹനങ്ങളിൽ കയറി മാവേലിക്കര നഗരസഭയിൽ ദൈനംദിനം എത്തുന്നതിന് നിലവിലെ അസുഖം മൂലം തനിക്ക് കഴിയാതെ വന്നിട്ടുള്ളതാണ് എന്നും അറിയിക്കുന്നു. കൂടാതെ ടി സ്ഥലംമാറ്റ

ഉത്തരവിന്റെ കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ലാത്തതാകുന്നുവെന്നും ഉദ്യോഗ ഭരണപരിഷ്കാര വകുപ്പിന്റെ 3/2017/ഉഭപവ തീയതി 25.02.2017 പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ എതിർപ്പ് ബോധിപ്പിക്കുന്നതിനുള്ള അവസരം ലഭിച്ചിട്ടില്ലാത്തതാകുന്നുവെന്നും തനിക്കു പകരം കായംകുളം നഗരസഭയിൽ നിയമിച്ചിരിക്കുന്നതായ ശ്രീമതി.മിനി തന്നേക്കാൾ ജൂനിയറാണ് എന്നും ടിയാളുടെ ട്രാൻസ്ഫർ അപേക്ഷയിൽ മാവേലിക്കര സ്റ്റേഷൻ ആവശ്യപ്പെട്ടിട്ടുള്ളതാണ് എന്നും ഈ കാര്യങ്ങൾ ഒന്നും തന്നെ പരിഗണിക്കാതെയും ഈ വർഷം സ്ഥലംമാറ്റത്തിന് അപേക്ഷ ക്ഷണിക്കാതെയുമാണ് മേൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് എന്നും മേൽ സ്ഥലംമാറ്റ ഉത്തരവിൽ തനിക്കു വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നതായും ആയതിനാൽ തന്റെ അസുഖം പരിഗണിച്ചും കുട്ടികളുടെ വിദ്യാഭ്യാസം കരുതിയും നിലവിൽ ജോലി ചെയ്യുന്ന കായംകുളം നഗരസഭയിൽ തന്നെ നിലനിർത്തണമെന്ന് അപേക്ഷിച്ചിരുന്നു.

3. 20/08/2020 ലെ ഇ 6-2028/20 നമ്പർ കത്ത് പ്രകാരം സംസ്ഥാനത്തെ വിവിധ നഗരസഭകളിലെ ജീവനക്കാരുടെ 2020-21 ലെ സ്ഥലംമാറ്റം അനുവദിക്കുന്നതിനുള്ള കരട് സ്ഥലംമാറ്റ ക്യൂ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുള്ളതും ആയതിന്മേൽ ആക്ഷേപങ്ങൾ ക്ഷണിച്ചിട്ടുള്ളതുമാണ് എന്നും കരട് ക്യൂ ലിസ്റ്റിന്മേൽ ലഭ്യമായ ആക്ഷേപങ്ങൾ പരിശോധിച്ച് നഗരകാര്യ ഡയറക്ടറുടെ 07/01/2021 ലെ ഇ 6-2028/20 നമ്പർ കത്ത് മുഖേന അന്തിമ ക്യൂലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ് എന്നും കായംകുളം നഗരസഭയിലെ സൂപ്രണ്ട് ശ്രീ.രാജേഷ് ജി, ടി ക്യൂലിസ്റ്റ് പ്രകാരം ഹരിപ്പാട്, മാവേലിക്കര, കരുനാഗപ്പള്ളി എന്നീ നഗരസഭകളെ യഥാക്രമം 1, 2, 3 ഓപ്ഷനുകളായി തെരഞ്ഞെടുത്തിട്ടുള്ളതും ആയത് പ്രകാരമാണ് മാവേലിക്കര നഗരസഭയിൽ സൂപ്രണ്ട് തസ്തികയിലുണ്ടായ ഒഴിവിലേയ്ക്ക് 24.06.2021ലെ ഉത്തരവ് പ്രകാരം സ്ഥലംമാറ്റം നൽകിയിട്ടുള്ളത്. 25/02/2017 ലെ സ.ഉ (പി)/3/2017/ഉപഭവ നമ്പർ പൊതുസ്ഥലംമാറ്റവും നിയമനവും സംബന്ധിച്ച് സർക്കാർ ഉത്തരവിൻ പ്രകാരം പൊതുസ്ഥലംമാറ്റത്തിനുള്ള കരട് പ്രസിദ്ധീകരിക്കുകയും ആക്ഷേപം ക്ഷണിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. എന്നാൽ ടി സ്ഥലംമാറ്റം റിട്ടയർമെന്റ് ഒഴിവുകൾ നികത്തുന്നതിനു വേണ്ടി നടത്തിയിട്ടുള്ളതാണ്. റിട്ടയർമെന്റ് മുഖേനയുണ്ടായ ഒഴിവുകൾ നികത്തുന്നതിന് മുമ്പായി ജീവനക്കാരുടെ സ്ഥലംമാറ്റ അപേക്ഷ പരിഗണിക്കേണ്ടതാണെന്ന് സ്ഥലംമാറ്റ നോംസ് 10(viii)-ൽ വ്യക്തമാക്കിയിട്ടുണ്ട്. ആയത് പ്രകാരമാണ് ടിയാന്റെ ഹയർ ഓപ്ഷനായ മാവേലിക്കര നഗരസഭയിലേയ്ക്ക് സ്ഥലംമാറ്റം അനുവദിച്ചിട്ടുള്ളത്. കൂടാതെ, ടിയാന്റെ ഹയർ ഓപ്ഷനുകളിലേയ്ക്ക് സ്ഥലംമാറ്റം പരിഗണിക്കേണ്ടതില്ലെന്ന് കാണിച്ച് ടിയാൻ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതുമാണ് എന്ന് നഗരകാര്യഡയറക്ടർ പരാമർശം 3 പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

4. നഗരകാര്യഡയറക്ടറുടെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിൽ, സംസ്ഥാനത്തെ വിവിധ നഗരസഭകളിലെ ജീവനക്കാരുടെ 2020-21 ലെ സ്ഥലംമാറ്റം അനുവദിക്കുന്നതിനുള്ള ക്യൂ ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് ശ്രീ.ജി.രാജേഷ്-ന് സ്ഥലം മാറ്റം നൽകിയിട്ടുള്ളതെന്ന് കാണുന്നു. കായംകുളം നഗരസഭയിലെ സൂപ്രണ്ടായ ശ്രീ.ജി,രാജേഷ്, ടി ക്യൂലിസ്റ്റ്

പ്രകാരം ഹരിപ്പാട്, മാവേലിക്കര, കരുനാഗപ്പള്ളി എന്നീ നഗരസഭകളെ യഥാക്രമം 1, 2, 3 ഓപ്ഷനുകളായി തെരഞ്ഞെടുത്തിട്ടുള്ളതും ആയത് പ്രകാരമാണ് മാവേലിക്കര നഗരസഭയിൽ സൂപ്രണ്ട് തസ്തികയിലുണ്ടായ ഒഴിവിലേയ്ക്ക് 24.06.2021ലെ ഉത്തരവ് പ്രകാരം സ്ഥലംമാറ്റം നൽകിയിട്ടുള്ളത്. മേൽ സാഹചര്യത്തിൽ ടിയാന്റെ അപേക്ഷയിലെ വാദങ്ങൾ നിലനിൽക്കുന്നതല്ലായെന്ന് കാണുന്നതിനാൽ പ്രസ്തുത അപേക്ഷ പരിഗണനാർഹമല്ലെന്ന് കണ്ട് നിരസിച്ച് ഉത്തരവാകുന്നു.

5. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ. 1126/2021 മേലുള്ള 30.06.2021 തീയതിയിലെ അന്തിമവിധിന്യായം ഇപ്രകാരം നടപ്പിലാക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**രമണി മാത്യൂ**

അഡീഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം ( ആമുഖ കത്ത് സഹിതം)

ശ്രീ.ജി.രാജേഷ്, സൂപ്രണ്ട്, കായംകുളം നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ